**അടിയന്തിരപ്രമേയം**

**അടിയന്തരപ്രമേയത്തിന്റെ പ്രാധാന്യം സംബന്ധിച്ച്**

മി. സ്പീക്കർ : റൂൾ 50 പ്രകാരം ഒരു നോട്ടീസ് കിട്ടിയിട്ടുണ്ട്. ബഹളം ഉണ്ടാക്കരുത് എന്ന് ആദ്യംതന്നെ പറയുന്നു. ഞാൻ അനുവദിക്കുകയാണ്. അതിനുമുമ്പ് എനിക്ക് ഒരു കാര്യം പറയാനുണ്ട്. ....ബഹളം ഉണ്ടാക്കുന്നു എന്ന അർത്ഥത്തിലല്ല പറഞ്ഞത്. ചെയർ അനുവദിക്കുന്നതിനുമുൻപ് അതിനുള്ള കാര്യമെന്താണെന്ന് പറയാം. അനുവദിക്കുന്നു എന്ന് അവസാനം പറയുന്നതിൽ കാര്യമില്ല.

**റൂളിംഗ്**

അടിയന്തര പ്രമേയം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ഇവിടെ വളരെ വ്യക്തമായ റൂളിംഗുകളും ധാരണകളുമൊക്കെയുണ്ട്. ഹൗസിന്റെ മുമ്പിലോ നമ്മുടെ മുമ്പിലോ ഉള്ളതാകാം. പത്രവാർത്തയുടെ അടിസ്ഥാനത്തിൽ ഒരു കാരണവശാലും അടിയന്തരപ്രമേയം അനുവദിക്കാൻ പാടില്ല എന്ന റൂളിംഗുണ്ട്. ഇവിടെ 1973-ലുള്ള ഒരു റൂളിംഗ് ഞാൻ പറയാം. "Notices of Adjournment motions in respect of matters which are not before the House, but based merely on press reports, cannot be allowed". ഉടനെ അവർ വാക്കൗട്ട് നടത്തി. അതിന് ഇതിൽ പറയുന്നത്, *Walk-out protesting against the Speaker's ruling would amount to an insult to the*

*House*. അപ്പോൾ സ്പീക്കർ പറഞ്ഞു, “To walk-out in protest against a decision of the Chair is an insult to the House”. രണ്ടും കൂടി ചേർത്ത് പറഞ്ഞതാണ്. ആദ്യം വാക്കൗട്ട് നടത്തിയതിനുശേഷം ചെയറിന്റെ നിരീക്ഷണം ഹൗസിനോടുള്ള ഇൻസൾട്ടാണെന്ന് അവർ പറഞ്ഞു. പക്ഷേ അതിൽ പ്രതിഷേധിച്ച് വാക്കൗട്ട് നടത്തുന്നതാണ് ഹൗസിനോടുള്ള ഇൻസൾട്ടെന്ന് സ്പീക്കർ റൂൾ ചെയ്തു. രണ്ടും കൂടിയാണ് വായിച്ചത്. ഇത് 72-ലെ ഒരു റൂളിംഗാണ്. അപ്പോൾ അത് പാടില്ല എന്നുള്ളതാണ്. നമുക്ക് നമ്മുടെ കീഴ്വഴക്കങ്ങളുണ്ട്. പത്രവാർത്തയുടെ അടിസ്ഥാനത്തിലും പത്ര സമ്മേളനങ്ങളുടെ അടിസ്ഥാനത്തിലും ഉരുത്തിരിഞ്ഞ് വന്ന കാര്യമാണ് അടിയന്തര പ്രമേയത്തിനുള്ള വിഷയമായി തെരഞ്ഞെടുത്തിരിക്കുന്നത്. ഇവിടെ രേഖാമൂലമായ പരാതികളൊന്നും ആർക്കും കിട്ടിയിട്ടില്ല എന്ന് കേരളത്തിന്റെ മുഖ്യമന്ത്രി ആവർത്തിച്ച് പറഞ്ഞിട്ടുണ്ട്. അപ്പോൾ പത്രത്തിലും പത്ര സമ്മേളനങ്ങളിലും വന്നിട്ടുള്ള വിഷയമാണ്. പക്ഷേ, ഇത് മുഖ്യമന്ത്രിക്കാണ് നോട്ടീസ് നൽകിയത്. അദ്ദേഹം മറുപടി പറയും. ഞാൻ നോട്ടീസ് വായിക്കാം. ഗാർഹിക പീഡനത്തിന് ഇരയായ സ്ത്രീ, മന്ത്രിപത്നിയായിട്ടുപോലും പരാതി നിരസിച്ച മുഖ്യമന്ത്രിയുടെ നടപടിമൂലം ഗാർഹിക പീഡനകേസുകളിൽ നീതി തേടുന്നവർ ഉൾപ്പെടെ ജനങ്ങളിൽ ആകെ ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ആശങ്ക സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് സർവ്വശ്രീ. എ. പ്രദീപ് കുമാർ, വി. എസ്. സുനിൽ കുമാർ, സി. കെ. നാണു, എ.എ. അസീസ്, എ.കെ. ശശീന്ദ്രൻ എന്നി

ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയുന്നതാണ്.

**ഗാർഹിക പീഡനം**

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഈ നോട്ടീസിന് ആധാരമായി പറഞ്ഞിരിക്കുന്ന കാര്യങ്ങൾ വസ്തുതയ്ക്ക് നിരക്കുന്നതല്ല. ശ്രീ. കെ. ബി. ഗണേഷ്കുമാറിന്റെ ഭാര്യ രണ്ടുപ്രാവശ്യം എന്നെവന്ന് നേരിട്ട് കാണുകയും അവരുടെ കുടുംബത്തിലെ തർക്കങ്ങളെക്കുറിച്ച് എന്നോട് സംസാരിക്കുകയും ചെയ്തിട്ടുണ്ട്. അവർ ഒരു പരാതിയും എനിക്ക് തന്നിട്ടില്ല. നടപടി എടുക്കത്തക്കവിധത്തിലുള്ള ഒരു പരാതിയും പറഞ്ഞിട്ടുമില്ല. ചില മാധ്യമങ്ങളിൽ വന്ന വാർത്തയുടെ അടിസ്ഥാനത്തിൽ ഇങ്ങനെയൊരു പ്രശ്നം ഇവിടെ അടിയന്തിരപ്രമേയമായി കൊണ്ടുവരണമായിരുന്നോ എന്നുള്ളത് നിങ്ങൾതന്നെ ആലോചിക്കേണ്ടതാണ്. ഏത് പ്രശ്നവും ചർച്ച ചെയ്യുന്നതിന് ഞങ്ങളാരും മടി കാണിക്കുന്നില്ല. പക്ഷേ, കുടുംബകാര്യങ്ങൾപോലും സഭയിലെ അടിയന്തരപ്രമേയമായി അവതരിപ്പിക്കുന്ന സാഹചര്യം ഉചിതമാണോ എന്ന് നിങ്ങൾ ആലോചിച്ചാൽ കൊള്ളാം. ഇത് വസ്തുതകൾക്ക് നിരക്കുന്നതല്ല.

മി. സ്പീക്കർ: ശ്രീ. എ. പ്രദീപ്കുമാർ.....(ബഹളം)....നോ പ്ലീസ്...പ്ലീസ്.. ....(ബഹളം)....പ്ലീസ്....പ്ലീസ്...(ബഹളം)......(ബഹളം)...........(ബഹളം)...യെസ്...... യെസ്........പ്ലീസ്.....പ്ലീസ്...യെസ്...യെസ്.....നിങ്ങൾ എല്ലാവരുംകൂടി ബഹളം ഉണ്ടാക്കിയാൽ എങ്ങനെയാണ്? .....(ബഹളം).....(ബഹളം)......നിങ്ങളെല്ലാവരുംകൂടി ബഹളമുണ്ടാക്കിയാൽ എങ്ങനെയാണ്? ..........(ബഹളം)........യെസ്....

യെസ്..........അതുതന്നെ......... അതിവിടെ എപ്പോഴും അങ്ങോട്ടുമിങ്ങോട്ടും ഉണ്ടാകാറുണ്ടല്ലോ?....പ്ലീസ്........പ്ലീസ്.......ശ്രീ. സി. ദിവാകരൻ, ....പ്ലീസ്.. ഞാനൊന്ന് പറയട്ടെ.... പ്ലീസ്....പ്ലീസ്....

ഇവിടെ അടിയന്തര പ്രമേയം അനുവദിച്ചിട്ടില്ല. അടിയന്തര പ്രമേയ ത്തിന്റെ അവതരണാനുമതിയുടെ കാര്യത്തിൽ ചെയറിന്റെ നിലപാട് പറഞ്ഞു. ചെയർ റൂൾ ക്വാട്ട് ചെയ്തു. പക്ഷേ, മുഖ്യമന്ത്രി മറുപടി പറയാൻ തയ്യാറാ യത് കൊണ്ടുമാത്രമാണ് അവതരണത്തിന് അദ്ദേഹത്തെ ക്ഷണിച്ചത്. .....(ബ ഹളം).....യെസ്....യെസ്....പ്ലീസ്........പ്ലീസ്. മര്യാദ ഓരോരുത്തർ തീരുമാനി ക്കേണ്ടതാണ്. മര്യാദ കെട്ടിയേൽപ്പിക്കാനൊന്നും സ്പീക്കർക്ക് അധികാരമില്ല. ........(ബഹളം)......

ഗ്രാമ വികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്): സർ, നിയമസഭയുടെ ചരിത്രത്തിൽ ഇന്നുവരെയുണ്ടാകാത്ത ഒരു കീഴ്വഴക്കമാണിത്. ദയവായി ഇതിന് പോകരു ത്. ദയവുചെയ്ത് ഇത് വേണമോ എന്ന് നിങ്ങൾ ആലോചിക്കണം. ഈ സഭ ഇത്രയും താഴേയ്ക്കു പോകണോ?.....(ബഹളം)...........

ശ്രീ. പി.കെ. ബഷീർ: ഒരാളുടെ കുടുംബത്തെക്കുറിച്ച് ................

മി. സ്പീക്കർ: ശ്രീ. പി.കെ. ബഷീർ, മലയാള ഭാഷയിൽ ഞാൻ ഒന്നു കൂടി വ്യക്തമായി പറയാം. ഒരിക്കൽ പറഞ്ഞതാണ്. ഇക്കാര്യത്തിൽ എന്റെ അഭിപ്രായം ചെയർ എന്ന നിലയിലും അല്ലതെയുള്ള നിരീക്ഷണങ്ങൾക്കും ശേഷം ഇവിടെ പ്രീസിഡന്റും റൂളും ക്വാട്ട് ചെയ്തുകൊണ്ട് പറഞ്ഞു, ഇത്

സാധ്യമല്ല. പക്ഷെ ഇത് .....(ബഹളം)....... എന്നാൽപിന്നെ നിങ്ങൾ തന്നെ പറയൂ...... ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി നൽകാമെന്ന് ചെയറിനോട് എഗ്രി ചെയ്തതുകൊണ്ടുമാത്രമാണ് ഇത് അവതരിപ്പിക്കുന്നതിനുവേണ്ടി ഞാൻ ശ്രീ. എ. പ്രദീപ്കുമാറിനെ ക്ഷണിച്ചത്.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഈ അടിയന്തരപ്രമേയം അവതരിപ്പിക്കുന്നതിന് ആധാരമായി അവർ പറഞ്ഞിട്ടുള്ളത് ഒരു പരാതിയുമായി വന്നപ്പോൾ ആ പരാതി ഞാൻ സ്വീകരിച്ചില്ല എന്നുള്ളതാണ്. നിയമവിരുദ്ധവും അധാർമ്മികവുമായിട്ടുള്ള നടപടി മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നുണ്ടായി എന്നുള്ളതാണ്. അങ്ങനെ ഒരു സംഭവേ ഉണ്ടായിട്ടില്ല. ഞാൻ വ്യക്തമായിട്ട് പറയുന്നു, ഞാൻ ഇക്കാര്യം നിഷേധിക്കുകയാണ്. അങ്ങനെ നിഷേധിക്കുന്ന സാഹചര്യത്തിൽ അവർക്ക് ഇത് ഉന്നയിക്കണോ വേണ്ടയോ എന്നുള്ള കാര്യം ഇപ്പോഴും തീരുമാനിക്കാം. പക്ഷെ ഞാൻ വളരെ വ്യക്തമായിട്ട് പറയുന്നു, അങ്ങനെയൊരു പരാതി ലഭിച്ചിട്ടില്ല, പരാതി തന്നിട്ടില്ല. ശ്രീ. കെ.ബി. ഗണേഷ് കുമാറിന്റെ ഭാര്യയുടെ ഭാഗത്തുനിന്ന് മറിച്ചൊരഭിപ്രായം ഉണ്ടെങ്കിൽ നിങ്ങൾ ഉന്നയിക്കുന്നത് മനസ്സിലാക്കാൻ കഴിയും. പത്രത്തിലെ വാർത്തകണ്ടുകൊണ്ട് ശ്രീ. കെ.ബി. ഗണേഷ് കുമാറിന്റെ ഭാര്യ, ഞാൻ പരാതി തന്നിട്ടില്ല പിന്നെ എങ്ങനെയാണ് ഈ വാർത്ത വന്നത് എന്ന് അന്വേഷിച്ചുകൊണ്ട് എനിക്ക് കത്ത് കൊടുത്തുവിട്ടു. നിങ്ങൾ ഉന്നയിച്ചിരിക്കുന്നതുപോലെ ഒരു പരാതി വന്നിട്ട് ഞാൻ വാങ്ങാതെ തിരിച്ചയച്ചുവെങ്കിൽ, നടപടിയെടുക്കണമെന്ന് ആവശ്യപ്പെട്ടിട്ട് നടപടിയെടുക്കാൻ തയ്യാറായില്ലെങ്കിൽ നിങ്ങൾക്ക് പറയാം.

അങ്ങനെയൊരു സംഭവമേ ഉണ്ടായിട്ടില്ല. ആ സാഹചര്യത്തിൽ ഈ വിഷയം ഉന്നയിക്കണമോ വേണ്ടയോ എന്നുള്ള കാര്യംനിങ്ങൾക്കുതന്നെ തീരുമാനിക്കാം. പ്രതിപക്ഷ നേതാവിന് ചോദിക്കാം.

പ്രതിപക്ഷ നേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): സർ, ഇതുസംബന്ധിച്ച് ക്യാബിനറ്റ് റാങ്കിന് തുല്യപദവിയുള്ള ചീഫ് വിപ്പ് ഇറക്കിയിട്ടുള്ള പ്രസ്താവനയിൽ ആ കാര്യത്തെ സംബന്ധിച്ച്,..... ഈ വിഷയം ടി.വി-യിലും മറ്റ് മാധ്യമങ്ങളിലുമൊക്കെ വാർത്തയായി വന്നതാണ്. അപ്പോൾ ഇതെല്ലാം വസ്തുതകളായി നിലനില്ക്കുന്നിടത്തോളം കാലം, അതേപോലെതന്നെ എന്റെ സ്നേഹിതൻ ശ്രീ. കെ.ബി. ഗണേഷ് കുമാറിന്റെ പ്രിയപത്നി ശ്രീമതി യാമിനി തങ്കച്ചിയുടെ അമ്മായിയച്ഛനും ഈ കാര്യത്തെ സംബന്ധിച്ച് പറഞ്ഞതായി ചില പത്രങ്ങളിൽ കാണാനിടയായി. ഇതെല്ലാംതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് നിഷേധിക്കാൻ കഴിയുമോ......(ബഹളം)....... അങ്ങും പത്രങ്ങളിലും ചാനലുകളിലും വന്ന വാർത്തകളെല്ലാം വായിച്ചുകാണില്ലേ? അപ്പോൾ ഇതെല്ലാം യാഥാർത്ഥ്യമായിരിക്കെ, എന്റെ സ്നേഹിതൻ ശ്രീ. പി.സി. ജോർജ് ഇവിടെ ഇരിക്കുകയാണ്. ഇവരെല്ലാം ഈ അഭിപ്രായ പ്രകടനങ്ങൾ നടത്തിയത് പത്രങ്ങളിൽ വന്നിട്ടുള്ളതാണ്. അതൊന്നും ഇല്ലായെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞാൽ അതില്ലാകുന്നതല്ല. ഇതാണ് വസ്തുത.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവേ, അങ്ങും പത്രങ്ങളിൽ എന്തൊക്കെയോ കണ്ടതിനേയും കേട്ടതിനേയുംക്കുറിച്ച് പറയുകയുകയാണ്. ശ്രീ. കെ.ബി. ഗണേഷ് കുമാറിന്റെ ഫാദർ-ഇൻ-ലോ

വർഷങ്ങൾക്കുമുമ്പ് മരിച്ചുപോയി. അദ്ദേഹം പരാതി നൽകി എന്നുപറഞ്ഞാൽ ശരിയാകുമോ? ശ്രീ. പി.സി.ജോർജ് പറഞ്ഞതിനെക്കുറിച്ച് ഞാൻ നേരത്തെതന്നെ ഈ സഭയിൽ വ്യക്തമാക്കിയിട്ടുണ്ട്. അതൊരു അടഞ്ഞ അദ്ധ്യായമായി മാറിയിട്ടുണ്ട്. ഇതി അത് റീ-ഓപ്പൺ ചെയ്യാൻ ഞാൻ ആഗ്രഹിക്കുന്നില്ല. അതിനെക്കുറിച്ചും പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് പത്രത്തിൽ കണ്ട വസ്തുതാപരമല്ലാത്ത കാര്യങ്ങളുടെ അടിസ്ഥാനത്തിൽ ഇതുപോലെയുള്ള പ്രശ്നങ്ങൾ അടിയന്തരപ്രമേയമായി കൊണ്ടുവരുന്നതിൽനിന്ന് നിങ്ങൾ പിന്മാറണം എന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. സി. ദിവാകരൻ: സർ, ഈ വിഷയം ഞങ്ങൾ കൊണ്ടുവന്നതല്ല. കഴിഞ്ഞ കുറെ ദിവസങ്ങളായി ശ്രീ. പി.സി. ജോർജ് നടത്തിയ ചില വെളിപ്പെടുത്തലുകളാണ്. കേരളത്തിലെ ഒരു മന്ത്രിയുടെ വീട്ടിൽ കയറി ആക്രമണം നടത്തി, അത് ഏത് മന്ത്രിയാണെന്ന് സംശയം ഉണ്ടാകാതിരിക്കാൻ വേണ്ടി.........

മി. സ്പീക്കർ: ശ്രീ. സി. ദിവാകരൻ പ്ലീസ്.....പ്ലീസ്.......ശ്രീ. സി. ദിവാകരൻ............

ശ്രീ. സി. ദിവാകരൻ: സർ, ഞാൻ ആ വസ്തുത പറയുകയാണ്.

മി. സ്പീക്കർ: ശ്രീ. സി. ദിവാകരൻ പ്ലീസ്.... നോ...നോ..... പ്ലീസ്....പ്ലീസ്... അത് ശരിയല്ല. പ്ലീസ്....പ്ലീസ്........ (ബഹളം)......ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങേയ്ക്ക് പറയാനുള്ളത് പറയാം.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, .......(ബഹളം)......... ശ്രീ. സി. ദിവാകരൻ, പുറത്തുനിന്നുള്ള ആളുകൾ മന്ത്രിയുടെ വീട്ടിൽ കയറി മന്ത്രിയെ തല്ലി എന്നുള്ള രീതിയിലാണ് പറഞ്ഞത്. അങ്ങനെ ഒരു സംഭവം ഉണ്ടായിട്ടില്ലെന്ന് ഞാൻ ഈ സഭയിൽ പറഞ്ഞു. പൂർണ്ണമായിട്ടും.......(ബഹളം)........അങ്ങനെ യൊരു സംഭവം ഉണ്ടായിട്ടില്ല.

മി. സ്പീക്കർ: പ്ലീസ്.......പ്ലീസ്...........

ശ്രീ. എ.കെ. ബാലൻ: സർ, ഒരു മിനിട്ട്.........

മി. സ്പീക്കർ: എന്താണ്; ഇനി ചർച്ച ഇല്ല. ഇല്ലാത്ത പ്രാധാന്യംകൊടു ക്കുകയാണ്. ഞാൻ വളരെ വ്യക്തമായി റൂളിംഗ് വായിച്ചതാണ്. പത്ര വാർത്തയുടെ അടിസ്ഥാനത്തിൽ സാധാരണഗതിയിൽ അടിയന്തരപ്രമേയം അനുവദിക്കാറില്ല. അതിനുള്ള കീഴ്വഴക്കമുണ്ട്. എന്റെ മുൻഗാമികളായ ബഹുമാനപ്പെട്ട സ്പീക്കർമാരുടെ റൂളിംഗ് ഞാനിവിടെ ക്വാട്ട് ചെയ്തു. ഈ സാഹചര്യത്തിൽ മുഖ്യമന്ത്രി മറുപടി പറയാമെന്ന് പറഞ്ഞതുകൊണ്ടാണ്...... പക്ഷെ മുഖ്യമന്ത്രി ഒരു കാര്യം ഇവിടെ പറഞ്ഞു. ഏത് കാര്യത്തിനെ ആധാര മാക്കിയാണ് അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകുന്നത് ആ നോട്ടീസിൽ പറഞ്ഞ കാര്യങ്ങൾ സംഭവിച്ചിട്ടില്ലായെന്ന് സഭാ നേതാവുകൂടിയായ കേരള ത്തിലെ മുഖ്യമന്ത്രി ഈ നിയമസഭയിൽ പറഞ്ഞു. ഇനി നിങ്ങൾ ബഹളം ഉണ്ടാക്കിയാൽ ഞാൻ എന്തുപറയാനാണ്? ശ്രീ. എ.കെ. ബാലൻ ഇരിക്കൂ. ശ്രീ. എ. പ്രദീപ്കുമാർ, നിയന്ത്രണവിധേയമായിട്ട് കാര്യങ്ങൾ പറയണം.

ഏതായാലും മുഖ്യമന്ത്രി സമ്മതിച്ചതുകൊണ്ട് ഒന്നുരണ്ട് മിനിട്ടുകൊണ്ട് അങ്ങ് ഈ വിഷയം അവതരിപ്പിക്കണം.

ശ്രീ. എ. പ്രദീപ്കുമാർ: സർ, ഇവിടെ ഞാൻ ഉന്നയിക്കുന്നത്........ബഹ ളം)...........

മി. സ്പീക്കർ: നോ......നോ........പ്ലീസ് ഇത് ശരിയല്ല. ശ്രീ. പി.കെ. ബഷീർ, ശ്രീ. കെ.എൻ.എ ഖാദർ, ശ്രീ. സി. മോയിൻകുട്ടി ഞാൻ സഭാനേതാവുമായി ആലോചിച്ചുതന്നെയാണ് അടിയന്തരപ്രമേയം അവതരിപ്പിക്കാൻ അനുവദിച്ചത്. പ്ലീസ്......പ്ലീസ്........നിങ്ങൾ അങ്ങനെ അസ്വസ്ഥരായിട്ട് കാര്യമില്ല. അങ്ങനെയാണെങ്കിൽ മുഖ്യമന്ത്രിയുടെ നിലപാടിനെ നിങ്ങൾ ചോദ്യം ചെയ്യുകയാണ്. എന്നെക്കൊണ്ട് അത് പറയിപ്പിക്കരുത്.

ശ്രീ.എ. പ്രദീപ്കുമാർ: സർ, ഇവിടെ നമ്മുടെ സർക്കാരിനേയും സമൂഹത്തേയും വളരെ ഗുരുതരമായി ബാധിക്കുന്ന ഒരു പ്രശ്നത്തിന് വളരെ നിസ്സാരമായിട്ടാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞത്. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കെ.ബി. ഗണേഷ് കുമാറിന്റെ കുടുംബ വിഷയം എന്നുള്ള നിലയിലല്ല ഞാൻ ഈ വിഷയം അവതരിപ്പിക്കാനുദ്ദേശിച്ചത്. സംഘർഷങ്ങൾ പലരുടെ കുടുംബത്തിലുമുണ്ടാകും. അതൊന്നും ഇങ്ങനെ സഭയിൽ കൊണ്ടുവരിക എന്നുള്ള രീതിയിലല്ല. ഇവിടെയുള്ള പ്രശ്നം എന്താണ്; ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ കാര്യത്തിൽ സ്വീകരിച്ച ഒരു നിലപാടുണ്ട്. ഞങ്ങൾ ആരെങ്കിലുമാണോ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കെ.ബി. ഗണേഷ് കുമാറിനെതിരെ ആരോപണമുന്നയിച്ചത്. മന്ത്രി പദവിക്ക് തുല്യമായ പദവി വഹിക്കുന്ന

ഗവൺമെന്റ് ചീഫ് വിപ്പാണ് പറഞ്ഞത്. ഇതൊരു സംഭവ പരമ്പരകളുടെ തുടക്കമാണ്. ഞാൻ ആരേയും ആക്ഷേപിക്കാൻവേണ്ടി പറഞ്ഞതല്ല. അങ്ങനെ ആരേയും ആക്ഷേപിക്കുന്ന ആളല്ല ഞാനെന്ന് ബഹുമാനപ്പെട്ട മന്ത്രി ഉൾപ്പെടെ എല്ലാവർക്കും അറിയാം. കഴിഞ്ഞ മാർച്ച് 3-ാം തീയതി മംഗളം ദിനപ്പത്രത്തിൽ 'മന്ത്രിയെ മന്ത്രി മന്ദിരത്തിൽ കയറി അടിച്ചു' എന്ന് ആരുടെ പേരും പറയാതെ വന്ന വാർത്ത ഒരു ഗോസിപ്പായിട്ടാണ് എല്ലാവരും കണ്ടത്. എന്നാൽ അടുത്ത ദിവസം കോട്ടയത്ത് പത്രസമ്മേളനം നടത്തി ചീഫ് വിപ്പ് പറഞ്ഞു- അടിയേറ്റത് മന്ത്രി ശ്രീ. കെ.ബി. ഗണേഷ് കുമാറിനാണെന്ന്. **********[1] സാറിനാണോ ആർക്കാണ് അടിയേറ്റതെന്ന് പലരും എന്നെ ഫോണിൽ വിളിച്ച് അന്വേഷിച്ചു, മറ്റ് മന്ത്രിമാരെക്കുറിച്ച് സംശയമില്ലാതിരിക്കാനാണ് ഞാനിത് പറഞ്ഞതെന്ന് ശ്രീ. പി.സി.ജോർജ് പത്രസമ്മേളനം നടത്തി പറഞ്ഞു.

മി. സ്പീക്കർ: നോ.....നോ.........ഇതെല്ലാം വളരെ മോശമാണ്. അങ്ങനെയൊന്നും പറയാൻ പാടില്ല. അതൊന്നും രേഖയിൽ കാണില്ല. നോ..... നോ...... *******അടിയേറ്റതെന്നുള്ള വാചകമൊന്നും രേഖയിൽ കാണില്ല.

[1] എക്സ്പഞ്ച്

ശ്രീ. എ. പ്രദീപ് കുമാർ: സർ, അതിനാണ് ബഹുമാനപ്പെട്ട മന്ത്രി കെ.ബി. ഗണേഷ് കുമാർ പ്രതികരിച്ചത്. ശ്രീ. പി.സി. ജോർജ് തനിക്കെതിരെ ആരോപണമുന്നയിച്ചത് നെല്ലിയാമ്പതി വിഷയവുമായി ബന്ധപ്പെട്ടാണ്. നെല്ലിയാമ്പതി വിഷയത്തിൽ ഞാൻ എടുത്ത ശരിയായ നിലപാട് അദ്ദേഹത്തിന് ഇഷ്ടപ്പെടാത്തതുകൊണ്ടാണ്, ഇതിന്റെ പിന്നിൽ ഗൂഢാലോ ചനയുണ്ടെന്ന് മന്ത്രി പറഞ്ഞു.

മി. സ്പീക്കർ: ഇതൊരു പബ്ളിക് പ്ലേസ് അല്ല. ഇത് നിയമസഭയാണ്.

ശ്രീ. എ. പ്രദീപ് കുമാർ: നെല്ലിയാമ്പതി വിഷയത്തിൽ ഞാൻ എടുത്ത നിലപാടിൽ അസ്വസ്ഥനായി ഗൂഢാലോചനയുടെ ഭാഗമായിട്ടാണ് തനിക്കെതിരെ ഇങ്ങനെ പ്രതികരിച്ചതെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. അങ്ങയുടെ ക്യാബിനറ്റിലെ ഒരു മന്ത്രിയും മന്ത്രിക്ക് തുല്യമായ ഔദ്യോഗിക സ്ഥാനം വഹിക്കുന്ന ചീഫ് വിപ്പുമാണ് ഈ വ്യത്യസ്തമായ അഭിപ്രായം പറഞ്ഞത്. ഇതിനകത്ത് ഏതാണ് ശരിയെന്നുള്ളത് അങ്ങ് വ്യക്തമാക്കണം. ഞങ്ങൾക്ക് ഇവിടെ അടിയന്തരപ്രമേയം അവതരിപ്പിക്കേണ്ട ആവശ്യംപോലു മില്ല. ചീഫ് വിപ്പ് എഴുന്നേറ്റ് നിന്ന് ഞാൻ ഈ കാര്യങ്ങൾ ഇങ്ങനെ പറഞ്ഞി ട്ടില്ല, മുഖ്യമന്ത്രി പറഞ്ഞതാണ് ശരിയെന്നു പറഞ്ഞാൽ അതോടെ ഇതെല്ലാം ശരിയാകും. ഞാൻ ഇത് അവസാനിപ്പിക്കാം. അദ്ദേഹം പറയട്ടെ.

മി. സ്പീക്കർ: No, No........ അങ്ങനെ പറയണമെങ്കിൽ എഴുന്നേറ്റ് നിൽക്കാനുള്ള അവസരം ചെയർ കൊടുക്കണം. No, No........ നിങ്ങൾ വീണ്ടും കാര്യങ്ങൾ ഡൈവർട്ട് ചെയ്തുപോകുകയാണ് ചെയ്യുന്നത്.

<u>ശ്രീ. എ. പ്രദീപ് കുമാർ</u>: സർ, മറ്റൊന്ന് കൂടി പറയാം. ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാര്യ മുഖ്യമന്ത്രിക്ക് പരാതി നൽകി എന്നുള്ള വിഷയവും അതിന്റെ ഉള്ളടക്കവുമൊന്നും ഞങ്ങളെ സംബന്ധിച്ചിടത്തോളം ഒരു വിഷയ മല്ല. പക്ഷേ ആ പരാതി മുഖ്യമന്ത്രി മുക്കിയെന്ന് ടി.വി. ചാനലിലൂടെ പറഞ്ഞത് ചീഫ് വിപ്പാണ്.

<u>മി. സ്പീക്കർ</u>: ഞാൻ വീണ്ടും വീണ്ടും പറയുന്നു. ആരെങ്കിലും ഒരു പത്ര സമ്മേളനം നടത്തി പറയുന്ന വാചകങ്ങളെ ക്വാട്ട് ചെയ്തിട്ട് .........(ബഹളം........) യെസ്....യെസ്........പ്ലീസ്.......പ്ലീസ്.......... ഇതുമായി ബന്ധ പ്പെട്ട് പലരും പുറത്ത് പത്രസമ്മേളനം നടത്തി. .........(ബഹളം........) ആ പത്ര സമ്മേളനത്തിന്റെ ക്വാട്ടിംഗ് എടുത്തുപറയാൻ സാധ്യമല്ല.

<u>ശ്രീ. എ. പ്രദീപ് കുമാർ</u>: സർ, ഇത് മറ്റാരെങ്കിലും പത്രസമ്മേളനം നട ത്തുന്നത് പോലെയല്ല. മന്ത്രിക്ക് തുല്യമായ സ്ഥാനം വഹിക്കുന്ന ചീഫ് വിപ്പ്, ഒരു മന്ത്രിയെ സംബന്ധിച്ച് പറഞ്ഞ കാര്യങ്ങൾ വസ്തുതാപരമായി ശരിയല്ലെങ്കിൽ അദ്ദേഹത്തിന്റെ പേരിൽ അങ്ങ് നടപടി സ്വീകരിക്കുമോ? ആ നടപടി സ്വീകരിക്കാൻ അങ്ങ് തയ്യാറാണോ? അതാണ് ഞങ്ങൾ ആവശ്യപ്പെടു ന്നത്. എന്നാൽ അദ്ദേഹത്തെ നിങ്ങൾ കുറ്റവിമുക്തനാക്കൂ. ഞങ്ങൾക്ക് അതാണ് വേണ്ടത്. അങ്ങയുടെ മന്ത്രിയെക്കുറിച്ച് ഞങ്ങൾ ഒരു ആക്ഷേപവും പറഞ്ഞില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. എ. പ്രദീപ് കുമാർ പ്ലീസ് കൺക്ലൂഡ്.

ശ്രീ. എ. പ്രദീപ് കുമാർ: ഇപ്പോഴും പറയുന്നില്ല. പക്ഷേ ആ പരാതി യിൽ പറഞ്ഞ കാര്യങ്ങൾ വസ്തുതയാണെങ്കിൽ, അങ്ങനെയൊരു പരാതി ലഭിച്ചുവെന്ന് ചീഫ് വിപ്പ് പറഞ്ഞത് ശരിയാണെങ്കിൽ, അത് ഒതുക്കി ത്തീർക്കാൻ ശ്രമിച്ച മുഖ്യമന്ത്രി ഐ.പി.സി. 176 അനുസരിച്ച് കുറ്റക്കാരനാണ്. ആറ് മാസം തടവ് കിട്ടാവുന്ന ക്രിമിനൽ കുറ്റമാണ് അങ്ങ് ചെയ്തത്. കാരണം കുറ്റത്തെക്കുറിച്ചോ സംഭവിക്കാൻ പോകുന്ന കുറ്റത്തെക്കുറിച്ചോ തനിക്ക് ഒരറിവുണ്ടായാൽ അത് ഉടനെ പോലീസ് ഉദ്യോഗസ്ഥരെ അറിയിക്കണം. അങ്ങനെ ചെയ്തില്ല. അത് വസ്തുതാപരമായി ശരിയല്ലെങ്കിൽ അത്രയും ഗുരുതരമായ ആരോപണമുന്നയിച്ച ചീഫ് വിപ്പിനെതിരായി നടപടി സ്വീകരി ക്കാൻ തയ്യാറാകുമോ? ഇതിൽ ഏതെങ്കിലും ഒന്നല്ലേ ശരിയാവുകയുള്ളു. രണ്ടും ശരിയാകുമോ?

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്........ പ്ലീസ് കൺക്ലൂഡ്.........

ശ്രീ. എ. പ്രദീപ് കുമാർ: ഞാൻ കൺക്ലൂഡ് ചെയ്യാം. അലൂമിനിയത്തിന് ചെമ്പ് എന്ന് പറയുന്നതുപോലെ മുഖ്യമന്ത്രി പറയരുത്. ഏതെങ്കിലും ഒന്ന് പറയണം. കേരളത്തിലെ മുഖ്യമന്ത്രിക്ക് സാധാരണ ഒരു സ്ത്രീയുടെ പരാതി വന്നാൽ ആ പരാതി വന്നുവെന്നുള്ളതുകൊണ്ടുമാത്രം മന്ത്രി കുറ്റക്കാരനൊ ന്നുമല്ല. അത് പരിശോധിച്ച് അതിൽ ശരിയുണ്ടോ തെറ്റുണ്ടോയെന്ന് നോക്ക ണം. അദ്ദേഹം പറഞ്ഞു, പരാതി എനിക്ക് തന്നിരുന്നു, അത് കുടുംബപ്രശ്ന മായതുകൊണ്ട്... എന്നാണ് പറയുന്നത്. അത് സംബന്ധിച്ച് ഒരു വ്യക്തതവരു ത്തിക്കഴിഞ്ഞാൽ അങ്ങയുടെ മന്ത്രിസഭയിലെ മന്ത്രിയുടെ വ്യക്തിത്വമല്ലേ

ഉയരുന്നത്. എന്തുകൊണ്ട് അങ്ങ് അത് ചെയ്യുന്നില്ല. അങ്ങത് ചെയ്യാത്തത് ചീഫ് വിപ്പിനെ ഭയന്നിട്ടാണ്. അതായത് ഈ ചീഫ് വിപ്പിനെക്കൊണ്ട് അങ്ങ യുടെ അഴിമതിക്കേസിലെ ഒരു ജഡ്ജിയെ തുരത്തിയോടിക്കുന്നതിനുവേണ്ടി അങ്ങ് കോടാലിയായി ഉപയോഗിച്ചു. ഇവിടെ എം.എൽ.എ.മാരെ മുഴുവൻ തെണ്ടികളെന്ന് വിളിപ്പിക്കാൻ വേണ്ടി ഉപയോഗിച്ചു. അങ്ങനെ ചീഫ് വിപ്പിനെ, കേരളത്തിലെ മുഖ്യമന്ത്രി തന്റെ രാഷ്ട്രീയ ഇഷ്ടാനിഷ്ടങ്ങൾക്ക് വേണ്ടി ഉപയോഗിക്കുന്ന സാഹചര്യമാണുള്ളത്. കാലുമാറ്റത്തിനുവേണ്ടി ഉപയോഗിക്കുന്നു. അങ്ങനെയെല്ലാം ഉപയോഗിച്ച ഒരു ചീഫ് വിപ്പിനെതിരെ, മന്ത്രിക്കെതിരെ ഇങ്ങനെയുള്ള ആക്ഷേപങ്ങൾ ഉന്നയിച്ചിട്ട് പോലും അങ്ങ് തന്നെ പറയുന്നു അതിനകത്ത് വേറെ ഒരു പ്രശ്നവുമില്ലെന്ന് പറയുമ്പോൾ ആ ചീഫ് വിപ്പിനെതിരെ നടപടിയെടുക്കാനുള്ള ധാർമ്മികത അങ്ങ് കാണിക്ക ണം. ആ ധാർമ്മികത അങ്ങ് കാണിച്ചില്ല. ഒരു മുഖ്യമന്ത്രി പോയിട്ട് ഒരു സാധാരണ പൗരന് ഉണ്ടാകേണ്ട ധാർമ്മികതയോ, സത്യസന്ധതയോ, നീതി ബോധമോയില്ലാതെയാണ് ഈ വിഷയം കേരളത്തിന്റെ മുഖ്യമന്ത്രി കൈകാര്യം ചെയ്തിട്ടുള്ളത്. ഏത് വിധേനയും അധികാരം നിലനിർത്തണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിയുടെ പശ്ചാത്തലത്തിൽ ശ്രീ. കെ.ബി. ഗണേഷ് കുമാറിനെ ശ്രീ. ആർ. ബാലകൃഷ്ണപിള്ളയുടെ പാദാരവി ന്ദങ്ങളിൽ കൊണ്ടുപോയി അടിയറവ് വയ്പ്പിക്കാൻ മുഖ്യമന്ത്രിയും ചീഫ് വിപ്പുംകൂടി നടത്തിയിട്ടുള്ള നാടകമാണ് ഇതെല്ലാമെന്നാണ് ഞങ്ങൾക്ക് തോന്നുന്നത്. അങ്ങനെ പറയാമോ?

മി. സ്പീക്കർ: ശ്രീ. എ. പ്രദീപ് കുമാർ, അങ്ങ് ദയവ് ചെയ്ത് കൺക്ലൂഡ് ചെയ്യു.

ശ്രീ. എ. പ്രദീപ് കുമാർ: സർ, കൺക്ലൂഡ് ചെയ്തതല്ല. അധികാരം നില നിറുത്തുന്നതിനുവേണ്ടിയാണ്. ഡോ. യാമിനി തങ്കച്ചിയുടെ പരാതിയുണ്ടെന്നും ആ പരാതി മുക്കിയെന്നും ചീഫ് വിപ്പ് പരസ്യമായി പത്ര സമ്മേളനത്തിലും ടി.വി. ചാനലുകളിലും പറഞ്ഞതാണ് ശരിയെങ്കിൽ അങ്ങ് ഇപ്പോൾ ചെയ്തിരിക്കുന്നത് ഇന്ത്യൻ പീനൽ കോഡ് 176 അനുസരിച്ചുള്ള ആറ് മാസം അങ്ങ് തടവിൽ കിടക്കേണ്ട ക്രിമിനൽ കുറ്റമാണ് ചെയ്തിരിക്കു ന്നത്. ഇതിൽ ഏതാണ് ശരി? ഇതിൽ ഏതെങ്കിലും ഒന്ന് സഭയിൽ അങ്ങ് പറഞ്ഞേ പറ്റൂ. ആരാണ് ശരി; ഇവിടെ ശ്രീ. കെ.ബി. ഗണേഷ് കുമാറാണോ ശരി; ചീഫ് വിപ്പ് ആണോ ശരി? ശ്രീ. കെ. ബി. ഗണേഷ് കുമാറിന്റെ ഭാഗ മാണ് ശരിയെങ്കിൽ ഞങ്ങൾക്ക് അഭിപ്രായവ്യത്യാസമില്ല. ശരിയാകട്ടെ. എങ്കിൽ ചീഫ് വിപ്പിനെതിരെ എന്ത് നടപടിയാണ് നിങ്ങൾ സ്വീകരിക്കാൻ പോകുന്നത്? ആരെയാണ് അങ്ങ് ഭയക്കുന്നത്? അതാണ് മനസ്സിലാകാത്തത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ശ്രീ. എ. പ്രദീപ് കുമാർ ഈ സഭയുടെ പൊതുവായ വികാരം ഉൾക്കൊണ്ടുകൊണ്ടായിരിക്കാം ശ്രീ. കെ. ബി. ഗണേഷ് കുമാറിനെ വിട്ടതിൽ എനിക്ക് വളരെ നന്ദിയുണ്ട്. അങ്ങ് ഈ സഭയുടെ വികാരം ഉൾക്കൊണ്ടു. എന്നിട്ട് ശ്രീ. പി.സി. ജോർജിനെ കേന്ദ്രീക രിച്ചുകൊണ്ട് ചില കാര്യങ്ങൾ പറഞ്ഞു. പരാതി കിട്ടിയിട്ടും നടപടിയെടു

ക്കാത്ത എന്റെ പേരിൽ നിയമനടപടിയെടുക്കണമെന്നും പറഞ്ഞു. ഞാൻ ഒരു കത്ത് വായിക്കാം. അതിൽ രണ്ട് സെന്റൻസെ ഉള്ളു. മാധ്യമങ്ങളിൽ ശ്രീ. ഗണേഷ് കുമാറിന്റെ ഭാര്യ ഡോ. യാമിനി തങ്കച്ചി പരാതി തന്നിട്ടും മുഖ്യമന്ത്രി അത് സ്വീകരിച്ചില്ല എന്ന് പറഞ്ഞതിനെ തുടർന്ന് കിട്ടിയ കത്താണിത്. അതിൽ പറയുന്നത്, This letter is based on the newspaper reports. I wish to inform you that I had personally met you and told my grievances. I have not handed over the written complaint. ഡോ. യാമിനി തങ്കച്ചി ഈ പത്ര വാർത്ത കണ്ടതിന്റെ അടിസ്ഥാനത്തിൽ എന്നെ ഫോണിൽ വിളിച്ചുപറഞ്ഞു. ഇതെങ്ങനെയാണ്; ഞാൻ തന്ന കത്തിന് അഞ്ച് പേജുകളുണ്ടെന്നും ഞാൻ തന്നൂവെന്ന് പറയുന്ന കത്തിലെ വാചകങ്ങളും മറ്റും വിഷ്വൽ മീഡിയായിൽ വരുന്നു. ഇതൊക്കെ എന്താണെന്ന് എന്നോട് ചോദിച്ചു.

ഡോ. ടി.എം. തോമസ് ഐസക്: സർ, I have not handed over, കയ്യിൽ ഉണ്ടായിരുന്നു, പക്ഷേ, ഞാൻ ഹാന്റ് ഓവർ ചെയ്തില്ല എന്നല്ലേ എഴുതിയിരിക്കുന്നത്?

ശ്രീ. ഉമ്മൻ ചാണ്ടി: ഡോ. ടി.എം. തോമസ് ഐസക് ഇതിനകത്ത് ജോയിൻ ചെയ്യരുതായിരുന്നു. അവർ പരാതി തന്നില്ലായെന്ന് ഞാൻ വ്യക്തമായി പറഞ്ഞു. ഒരു നടപടിയെടുക്കത്തക്ക വിധത്തിലുള്ള പരാതിയും പറഞ്ഞില്ല. ഒരു കുടുംബ പ്രശ്നമുണ്ടായിരുന്നു. ആ കുടുംബപ്രശ്നം അവർ പരസ്പരം ചർച്ച ചെയ്ത് തീർപ്പാകുകയും ചെയ്തു. ഇവിടെ ശ്രീ. എ.കെ. ബാലന് എന്താണ് പറയാനുള്ളത് പറഞ്ഞോ?

<u>ശ്രീ. എ.കെ. ബാലൻ</u>: സർ, ഇവിടെ അടിയന്തരപ്രമേയത്തിന്റെ ഭാഗമായി അവതരിപ്പിച്ചത് ബഹുമാനപ്പെട്ട ചീഫ് വിപ്പ് ഒരു കാര്യം പറഞ്ഞിരിക്കുന്നു. അത് ശരിയാണോ തെറ്റാണോ? അതാണ് പ്രശ്നം. അതാണ് ചോദിച്ചത്?

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: ശ്രീ. എ.കെ. ബാലന് അത് അറിയാനാണോ താൽപ്പര്യം? പത്രവാർത്ത വന്ന രീതിയിലുളെളാരു സംഭവം ശ്രീ. കെ.ബി. ഗണേഷ്കുമാറിന്റെ വീട്ടിൽ നടന്നിട്ടില്ലായെന്ന് ഞാൻ ഈ സഭയിൽ പറഞ്ഞു.

<u>ശ്രീ. സി. ദിവാകരൻ</u>: സ്റ്റേറ്റ്മെന്റ് നടത്തിയ ആൾ അങ്ങയുടെ മുന്നിലുണ്ട്.

<u>മി. സ്പീക്കർ</u>: മുഖ്യമന്ത്രി, അങ്ങ് കൺക്ലൂഡ് ചെയ്യൂ.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: ഇതുപോലുള്ള പ്രശ്നങ്ങൾ അടിയന്തര പ്രമേയമായി സഭയിൽ കൊണ്ടുവരുന്നത് കേരള നിയമസഭയുടെ ചരിത്രത്തിലാദ്യത്തെ സംഭവമാണ്. ഇതൊരു കറുത്ത ദിനമാണെന്ന കാര്യത്തിൽ സംശയമില്ല. ജനങ്ങൾ ഇതെല്ലാം കാണുന്നുണ്ട്. ജനങ്ങൾ പ്രതിനിധികളായി വിട്ടിട്ടുള്ള നമ്മൾ ഇവിടെ എന്താണ് ചെയ്യുന്നത് എന്നുള്ളത് നോക്കിക്കൊണ്ടിരിക്കുകയാണ്. ഈ അടിയന്തരപ്രമേയം ആവശ്യമുണ്ടായിരുന്നോ എന്നുള്ളത് സംബന്ധിച്ച് നിങ്ങൾ തന്നെ സ്വയം ചിന്തിക്കുക, സ്വയം ആലോചിക്കുക. ഈ അടിയന്തരപ്രമേയം ഏറ്റവും നിർഭാഗ്യകരമായ ഒരു സംഭവമായിപ്പോയി. ഇത് സഭ നിറുത്തി വച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല.

<u>മി.സ്പീക്കർ</u>: മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി.എസ്. അച്ചുതാനന്ദൻ</u>): സർ, ഇങ്ങനെ യൊരു അടിയന്തര പ്രമേയത്തെ കൈകാര്യം ചെയ്ത രീതി വളരെ നിർഭാഗ്യ കരമായിപ്പോയി. അടിയന്തര പ്രമേയത്തിന് പ്രാധാന്യമുള്ള കാര്യം തന്നെയാ ണിത്. നിങ്ങൾ അതിപ്പോൾ ഒതുക്കിത്തീർത്തതിന്റെ ഫലമായി........, ശ്രീ. പി. സി. ജോർജ് ഉൾപ്പെടെയുള്ള ആളുകൾ ആ ഒതുക്കിത്തീർക്കലിൽ പങ്കാളി യായിക്കാണുമെന്നാണ് തോന്നുന്നത്. കാരണം എല്ലാവരും കണ്ണുമിഴിച്ചിരിക്കു കയാണ്. എന്തെങ്കിലും സംഭവിച്ചോ, പത്രങ്ങളെന്തെങ്കിലും എഴുതിയോ എന്ന് പത്രം വായിച്ചിട്ടുള്ള ആളുകളെല്ലാം ഇപ്പോൾ കണ്ണുമിഴിച്ചിരിക്കുകയാണ്. നിങ്ങൾ ഭരണം എങ്ങനെയെങ്കിലും നിലനിർത്താൻവേണ്ടി .........., ഇത്തരത്തി ലുള്ള പ്രശ്നങ്ങൾ ഉന്നയിച്ചവരും മുഖ്യമന്ത്രിയെ കാണാൻ പോയവരും അവരെ പ്രേരിപ്പിച്ചയച്ചവരും പൊതുജനങ്ങളും എം.എൽ.എ മാരായ നമ്മളെല്ലാവരും ഈ നാടകം കണ്ട് അന്തിച്ചുപോവുകയാണ്. വാസ്തവത്തിൽ ഇതുപോലെ ഒരു പ്രശ്നം ഞാൻ ഗവൺമെന്റിനെ നയിച്ചിരുന്ന കാലത്ത് എന്റെ സഹപ്രവർത്തകനായ ശ്രീ. പി.ജെ. ജോസഫിന്റെ വിമാനയാത്രാവേള യിലുണ്ടായി. അന്ന് ഞാൻ മന്ത്രിസഭയിൽനിന്ന് ആ മന്ത്രിയെ ഒഴിവാക്കി. അക്കാര്യം പിന്നീട് അന്വേഷിച്ചപ്പോൾ അദ്ദേഹം നിരപരാധിയാണെന്ന് ബോധ്യമായി. അദ്ദേഹത്തെ വീണ്ടും മന്ത്രിസഭയിലെടുത്തു. ഇതുപോലുള്ള

കാര്യങ്ങൾ നടന്നിട്ടുള്ള സംസ്ഥാനമാണ് കേരളം. അവിടെയാണ് ഒരു പാവപ്പെട്ട നിർഭാഗ്യവതിയായ സ്ത്രീ.............., ഏതെങ്കിലും സ്ത്രീകളെ ഒളിഞ്ഞു നോക്കിയാൽത്തന്നെ കുറ്റമാണെന്ന് പ്രസിഡന്റ് ഓർഡിനൻസ് പുറപ്പെടുവിച്ചിരിക്കുന്ന ഇക്കാലത്ത് നിങ്ങൾ ഇക്കാര്യത്തിൽ കാണിക്കുന്ന വൈകൃതപരമായ സമീപനം കാണുമ്പോൾ അത്ഭുതം തോന്നുകയാണ്. അതുകൊണ്ട് ഇത്തരത്തിലുള്ള ഹീനമായ, നാണംകെട്ട സമീപനത്തോട് സഹകരിക്കാൻ ഞങ്ങൾക്ക് കഴിയാത്തതുകൊണ്ട് അതിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് നടത്തുകയാണ്.

(അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് ശ്രീ. വി.എസ്. അച്ചുതാനന്ദനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

(ശ്രീ. സി. ദിവാകരൻ)

ശ്രീ. സി. ദിവാകരൻ: സർ, ഞങ്ങൾ ഒരു അടിയന്തര പ്രമേയം ഇവിടെ അവതരിപ്പിച്ചത് ഈ സഭയിലെ ഏറ്റവും നിർഭാഗ്യകരമായ ഒരു സംഭവമായിപ്പോയെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയ പ്രസ്താവന അതിനേക്കാൾ ഖേദകരമാണ്. ഞങ്ങൾ ഇക്കാര്യത്തിൽ നിരപരാധിയാണ്. ഞങ്ങൾ മനസാ വാചാ കർമ്മണാ ഇവരുടെ ഒരു പ്രശ്നത്തിലും ഇടപെട്ടവരല്ല. ഞങ്ങൾ ഒരു ദിവസം ഒരു പത്രവാർത്ത കാണുകയും പിറ്റേ ദിവസം ആ വാർത്ത ക്ലാരിഫൈ ചെയ്തതായും കണ്ടു. എല്ലാ മന്ത്രിമാരെയും സംശയിക്കേണ്ട, മന്ത്രി ഇന്ന ആളാണ് എന്ന് പറഞ്ഞ് ആ വാർത്ത ക്ലാരിഫൈ ചെയ്തത് ഗവൺമെന്റിന്റെ സംരക്ഷണയുള്ള ഗവൺമെന്റ് ചീഫ് വിപ്പാണ്. അദ്ദേഹം അങ്ങനെ പറഞ്ഞിട്ടില്ല എന്നു പറഞ്ഞാൽ അതുപോലൊരു മഹാപാപം വേറെയുണ്ടോ? അങ്ങ് പറഞ്ഞതിന്റെ വീഡിയോ ക്ലിപ്പിംഗ്സ് ഉണ്ട്. കോടതിയിയിൽ വീഡിയോ ക്ലിപ്പിംഗ്സ് ഇപ്പോൾ എവിഡൻസാണ്. ബഹുമാനപ്പെട്ട ചീഫ് വിപ്പാണ് കേരളത്തിലെ ജനങ്ങളുടെ മുന്നിൽ ഈ അനിഷ്ട സംഭവത്തെക്കുറിച്ച് ആദ്യമായി പ്രസ്താവന നടത്തിയത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രീ, അടിയന്തര പ്രമേയത്തിൽ അങ്ങ് പറഞ്ഞ കാര്യങ്ങളെല്ലാം കേട്ടുകൊണ്ടിരുന്ന ആളാണ് ഞാൻ. എന്റെ അഭിപ്രായങ്ങൾകൂടി കേട്ടാൽ കുഴപ്പമുണ്ടാകില്ല. അങ്ങ് നിർഭാഗ്യകരമായിപ്പോയെന്ന് പറഞ്ഞു. നിർഭാഗ്യകരം ഞങ്ങളുണ്ടാക്കിയതല്ല. അത് അങ്ങ് അറിയണം. ഇതിന് ആധാരമായ വ്യക്തി അങ്ങയുടെ മുമ്പിൽ നിശബ്ദനായി ഇരിക്കുകയാണ്. ഞങ്ങൾ ആരെയും ആക്ഷേപിച്ചിട്ടില്ല. ഞങ്ങൾ അദ്ദേഹം നടത്തിയ സ്റ്റേറ്റ്മെന്റ് ശരിയോ തെറ്റോ എന്ന് ഉന്നയി

ച്ചതേയുള്ളൂ. ഞങ്ങൾ ശ്രീ. പി.സി. ജോർജിനോട് അപേക്ഷിക്കുകയാണ്, അദ്ദേഹം എഴുന്നേറ്റ് ഒരു വാക്കു പറഞ്ഞാൽ തീരുന്ന കാര്യമല്ലേ ഉണ്ടായിരുന്നുള്ളൂ; എന്തുകൊണ്ട് പറയുന്നില്ല? ഒരു തുണ്ട് കടലാസ്സിൽ എഴുതിത്തന്നാലും മതി, ഞങ്ങൾ ഇത് അവസാനിപ്പിക്കാം. പക്ഷേ നിങ്ങൾ അത് ചെയ്തില്ല, അത് വളരെ നിർഭാഗ്യകരമാണ്. ചീഫ്വിപ്പിനെ തിരുത്തേണ്ടത്, അപലപിക്കേണ്ടത് മുഖ്യമന്ത്രിയാണ്, മന്ത്രിമാരാണ്. അവർക്കതിന് കഴിഞ്ഞില്ലെങ്കിൽ പിന്നെ എന്താണ് ചെയ്യേണ്ടതെന്നുള്ളത് അറിയില്ല. ഈ സംഭവം ഈ സഭയിൽ കൊണ്ടുവരാനുള്ള നിർഭാഗ്യകരമായ സാഹചര്യമുണ്ടാക്കിയത് ശ്രീ. പി.സി. ജോർജാണ്. ശ്രീ. പി.സി. ജോർജിന്റെ പേരിൽ ബഹുമാനപ്പെട്ട ചെയർ ഒരു വാക്കുപോലും പറഞ്ഞില്ല. ഞങ്ങളുടെ പാർട്ടിയിലെ ശ്രീ. വി.എസ്. സുനിൽ കുമാറിനെതിരായി പറഞ്ഞതെല്ലാം ഞങ്ങൾ അംഗീകരിച്ചു. കേരളം മുഴുവൻ മലീമസമായ ഈ സംഭവത്തിന് കാരണക്കാരനായ ചീഫ് വിപ്പിനെതിരെ ചെയറിൽനിന്ന് ഒരു പരാമർശം പോലും ഉണ്ടാകാത്തത് നിർഭാഗ്യകരമാണ്.

മി. ചെയർമാൻ: നോ..... നോ .... പ്ലീസ്.... അങ്ങ് ഇരിക്കണം, ഞാൻ പറയട്ടെ. ഈ പരാമർശം പൂർണ്ണമായി തെറ്റാണ്. നിങ്ങൾ പലരും പറഞ്ഞത് ഇന്ന് പത്രങ്ങളിൽ വന്നു. ചെയർ നൽകിയ റൂളിംഗ് നിങ്ങൾ കേൾക്കാത്തതുകൊണ്ടാണ്. രണ്ടുമൂന്ന് പ്രാവശ്യം ശ്രീ. പി. സി. ജോർജ് നടത്തിയ പരാമർശങ്ങളെക്കുറിച്ച് അന്ന് ചെയർ പറഞ്ഞതും അതിനെക്കുറിച്ച് ചെയറിന്റെ കമന്റും പറഞ്ഞു. അത് വീണ്ടും ആവർത്തിക്കേണ്ട എന്ന് കരുതിയാണ്

എഥിക്സ് കമ്മിറ്റിക്ക് വിട്ടത്. അതിന്റെ അർത്ഥം ശ്രീ. പി.സി. ജോർജിനെ സ്പെയർ ചെയ്തു എന്നല്ല. നിങ്ങളുടെ നിരീക്ഷണം തെറ്റാണ്. ദയവുചെയ്ത് ആ തെറ്റിദ്ധാരണ പിൻവലിക്കണം.

ശ്രീ. സി. ദിവാകരൻ: ഒരു നടപടി നടന്നു. വേറൊരു നടപടി നടന്നില്ല, അത് എഥിക്സ് കമ്മിറ്റിക്ക് വിട്ടു.

മി. സ്പീക്കർ: നോ.... നോ..... അങ്ങനെയല്ല.

ശ്രീ. സി. ദിവാകരൻ: ഇത് ആരോഗ്യപരമായ നടപടിക്രമങ്ങളല്ല എന്ന എന്റെ പ്രതിഷേധം ഞാൻ രേഖപ്പെടുത്തുകയാണ്.

മി. സ്പീക്കർ: പ്രതിഷേധം രേഖപ്പെടുത്താം, പക്ഷേ റൂളിംഗിൽ പ്രതി ഷേധം രേഖപ്പെടുത്താൻ കഴിയില്ല. ചെയർ അത് എഥിക്സ് കമ്മിറ്റിക്ക് വിടുക യാണ് ചെയ്തത്. നിങ്ങൾ പറയുന്നതനുസരിച്ച് നിയമസഭാ കമ്മിറ്റിയെ ചെറുതായി കാണാൻ ചെയറിന് സാധ്യമല്ല. ചെയറിൽ വ്യക്തികൾ മാറിമാറി വരും. ആരു വന്നാലും ചെയർ ചെയറാണ്. അത്തരം പരാമർശങ്ങൾ ഉത്തര വാദപ്പെട്ട ആളിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്നത് നിർഭാഗ്യകരമാണ്.

(അടിയന്തിരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് ശ്രീ. സി. ദിവാകരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. മാത്യു. റ്റി. തോമസ്: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞതൊക്കെ ശരിയായിരിക്കട്ടെ എന്നാണ് എന്റെ ആത്മാർത്ഥമായ പ്രാർത്ഥന. നമ്മുടെ നാട്ടിലെ പൊതുപ്രവർത്തന മേഖല ഇങ്ങനെ മുന്നോട്ടു

പോകുന്നത് അപകടകരമാണ്. കേരളത്തിലെ എല്ലാ ജില്ലകളിലും പോയി പരാതികളുണ്ടോയെന്ന് ചോദിച്ച് ജനസമ്പർക്ക പരിപാടിയിലൂടെ പരാതികൾ സ്വീകരിക്കുന്ന മുഖ്യമന്ത്രി അദ്ദേഹത്തിന്റെ വീട്ടിൽ വന്ന് തന്ന ഒരു പരാതി വാങ്ങാതിരിക്കില്ല എന്ന് ഞാൻ വിശ്വസിക്കുന്നു. ഇവിടെ പ്രശ്നം, ബഹുമാനപ്പെട്ട പൂഞ്ഞാർ മെമ്പർ 20 വർഷത്തോളം ഇടതുപക്ഷ ജനാധിപത്യ മുന്നണിയിലുണ്ടായിരുന്നു. അന്നത്തെ അദ്ദേഹത്തിന്റെ പ്രകൃതവും സ്വഭാവവുമല്ല അദ്ദേഹം ഇപ്പോൾ പ്രകടിപ്പിക്കുന്നത്. എൽ.ഡി.എഫ്-ൽ ഉണ്ടായിരുന്ന ശ്രീ. പി.സി. ജോർജല്ല, അദ്ദേഹം യു.ഡി.എഫ്-ൽ പോയപ്പോൾ. അദ്ദേഹത്തെ നിയന്ത്രിക്കാൻ ഗവൺമെന്റും യു.ഡി.എഫ്-ഉം തയ്യാറാകണം. അതിനുള്ള നടപടികൾ സ്വീകരിക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് ശ്രീ. മാത്യു. റ്റി. തോമസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. എ.എ. അസീസ്: സർ, ഈ പ്രശ്നത്തിൽ യഥാർത്ഥത്തിൽ മറുപടി പറയേണ്ടത് ചീഫ് വിപ്പാണ്. അദ്ദേഹത്തിനിപ്പോൾ നൊയമ്പുകാലമാണ്. അതുകൊണ്ട് അദ്ദേഹം മറുപടി പറയാൻ തയ്യാറാകാത്ത സമീപനത്തിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് ശ്രീ. എ.എ. അസീസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി; സഭ വിട്ട് പുറത്തുപോയ അംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ ഹാജരായി)

(ശ്രദ്ധക്ഷണിക്കൽ)